തൊഴിൽദാന പദ്ധതി അനുസരിച്ച് തൊഴിലവസരങ്ങൾ ലഭ്യമാകുന്നുണ്ട്. തൊഴിൽ ലഭ്യമാക്കുന്നതിന് പ്രചാരമുള്ള തൊഴിലുകളിൽ പരിശീലനം നൽകുന്നുണ്ട്. സ്വയംതൊഴിൽ കണ്ടെത്തുന്നതിലും ചെറുകിട കച്ചവടം നടത്തുന്നതിനും സാമ്പത്തിക സഹായം നൽകുന്നുണ്ട്. കൈവശഭൂമിയിൽ കൃഷി ചെയ്യുന്നതിന് വിവിധ സഹായങ്ങൾ ചെയ്തുവരുന്നു. ഉഴവുകാളകൾ, കറവപ്പശുക്കൾ, ആടുകൾ ഇവ വിതരണം ചെയ്യുന്നുണ്ട്. കേന്ദ്ര ഗവൺമെൻറിന്റെ നിർദ്ദേശമനുസരിച്ച് പട്ടികവർഗ്ഗക്കാർക്ക് സൗജന്യ നിരക്കിൽ അരിയും ഗോതമ്പും വിതരണം ചെയ്യുന്നുണ്ട്. പ്രകൃതിക്ഷോഭംമൂലം അവശതയനുഭവിക്കുന്നവർക്കും, അടിയന്തിര വൈദ്യസഹായമാവശ്യമുള്ളവർക്കും സഹായം നൽകുന്നുണ്ട്. അതിവർഷം, വരൾച്ച തുടങ്ങിയ പ്രകൃതി ദുരന്ത ഘട്ടങ്ങളിൽ സൗജന്യ റേഷനും നൽകിവരുന്നുണ്ട്.

കേരളത്തിലെ ഐ. എ സ്., ഐ. പി. എസ്., ഐ. എഫ്. എസ്. ഉദ്യോഗസ്ഥൻമാർ

341. [524] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേരളത്തിൽ ഐ. എ. എസ്., ഐ. പി. എസ്., ഐ. എഫ്. എസ്. ഉദ്യോഗസ്ഥൻമാരിൽ കേരളീയർ എത്ര ;

(ബി) മറ്റ് ഓരോ സംസ്ഥാനത്തിൽ നിന്നുമുള്ളവരെത്ര ;

(സി) അവരിൽ സ്ത്രീകളെത്ര ;

(ഡി) അവരിൽ പട്ടികജാതിക്കാരെത്ര ; പട്ടിക വർഗ്ഗക്കാരെത്ര ; മറ്റു പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവർ എത്ര വീതം ?

ഉത്തരം

(എ) ഐ. എ. എസ് 86
ഐ പി. എസ്. 58
ഐ. എഫ്. എസ്. 37

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഐ. എ. എസ്. 9
ഐ. പി. എസ്. }
എ. എഫ്. ഐ.എസ്. } ഇല്ല.

(ഡി)

പട്ടികജാതി		പട്ടികവർഗ്ഗം
ഐ. എ. എസ്.	20	3
ഐ. പി. എസ്.	7	2
ഐ. എഫ്. എസ്.	7	1

അഖിലേന്ത്യാ സർവീസുകളിലേക്കുള്ള നിയമനങ്ങളിൽ മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണമില്ല. അതുകൊണ്ട് ഇതേപ്പറ്റി വിവരം ശേഖരിച്ചിട്ടില്ല.

342. [525] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കൊച്ചിയിൽ ഒരു റേഡിയോ നിലയം സ്ഥാപിക്കാനുള്ള സ്ഥലം നൽകാത്തതുകൊണ്ട് റേഡിയോ നിലയം സ്ഥാപിക്കുവാൻ സാധിക്കുന്നില്ല എന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്ഥലം കിട്ടുന്നതിനുവേണ്ടി ഗവൺമെൻറ് എന്തു നടപടികൾ കൈക്കൊണ്ടു ;

(സി) റേഡിയോ നിലയം എന്നത്തേക്ക് പ്രവർത്തിച്ചു തുടങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

† അനുബന്ധം—IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—IV

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ [524] കാണുക

അനുബന്ധം

സംസ്ഥാനം	ഐ. എ. എസ്.	ഐ. പി. എസ്.	ഐ. എഫ്. എസ്.
തമിഴ്നാട്	26	10	..
ഉത്തർപ്രദേശ്	9	6	8
ഡൽഹി	5	..	1
പഞ്ചാബ്	4	1	2
ഒറീസ്സ	3	..	..
ബീഹാർ	3	3	2
ഹരിയാന	2	..	1
രാജസ്ഥാൻ	2	..	..
മഹാരാഷ്ട്ര	1	1	..
പശ്ചിമബംഗാൾ	1	..	..
ആസ്സാം	1	1	..
ചാണ്ഡിഗഡ്	1	1	1
ആന്ധ്രാ	1	2	4
കർണ്ണാടക	..	..	5
മേഘാലയ	..	..	2

2/2510/V.

LIBRARY ARCHIVES Kerala Legislative Assembly